**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം  മൂവാറ്റുപുഴ നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. അജിത്ത് ലാൽ. എ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ 1252/2018 നമ്പർ കേസിൽ 11.07.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2490/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 25.09.2018

പരാമർശം : 1. നഗരകാര്യഡയറക്ടറുടെ 05.10.2017 തീയതിയിലെ ഇ3-2439/2017(3) നമ്പർ ഉത്തരവ്.

2. മൂവാറ്റുപുഴ നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. അജിത്ത് ലാൽ.എ സർക്കാരിൽ സമർപ്പിച്ച 05.07.2018 തീയതിയിലെ നിവേദനം(Annexure A6).

3. ശ്രീ. അജിത്ത് ലാൽ. എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.1252/2018 ൽ 11.07.2018 തീയതിയിലുണ്ടായ വിധിന്യായം

4. നഗരകാര്യഡയറക്ടറുടെ 12.09.2018 തീയതിയിലെ ഇ3-16675/18 നം. കത്ത്.

## ഉത്തരവ്

കൊല്ലം കോർപ്പറേഷനിൽ ക്ലാർക്കായിരുന്ന ശ്രീ. അജിത്ത് ലാൽ.എ- എന്ന ജീവനക്കാരന് സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകി മൂവാറ്റുപുഴ നഗരസഭയിൽ നിയമിച്ചുകൊണ്ട് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അംഗപരിമിതനും പട്ടികജാതിക്കാരനുമായ തനിക്ക് തന്റെ സ്വന്തം ജില്ലയിലോ സമീപജില്ലയിലോ മാറ്റം നൽകണമെന്ന അപേക്ഷ നഗരകാര്യഡയറക്ടർ പരിഗണിക്കാത്തതിനെതിരെ ശ്രീ. അജിത്ത് ലാൽ.എ പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീ. അജിത്ത് ലാൽ.എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.1252/18 കേസിന്മേൽ 11.07.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അപേക്ഷകന്റെ ശാരീരികഅവശത പരിഗണിച്ച്, ടിയാൻ സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ 6 അപേക്ഷ പരിശോധിച്ച് ഒരുമാസത്തിനുള്ളിൽ ഉത്തരവു പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അജിത്ത് ലാൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം, കൊല്ലം ജില്ലയിൽ സ്ഥിരതാമസക്കാരനും വലതുകണ്ണിന് പൂർണ്ണമായും കാഴ്ചശക്തിയില്ലാത്തയാളും പട്ടികജാതിക്കാരനുമായ താൻ കൊല്ലം കോർപ്പറേഷനിൽ ക്ലാർക്കായിരിക്കെ സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകി മൂവാറ്റുപുഴ നഗരസഭയിൽ നിയമിച്ചതായും, അംഗപരിമിതർക്കും പട്ടികജാതിക്കാർക്കും സ്ഥലംമാറ്റത്തിനും ഉദ്യോഗക്കയറ്റത്തിലും തൊട്ടടുത്ത സ്റ്റേഷനിലോ സമീപജില്ലയിലോ നിയമനം നൽകണമെന്ന സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമായാണ് തനിക്ക് 250 കി.മീറ്ററിലധികം ദൂരത്തേക്ക് സ്ഥലംമാറ്റം നൽകിയതെന്നും സമീപജില്ലയിലേക്ക് മാറ്റം നൽകണമെന്ന തന്റെ അപേക്ഷ പരിഗണിച്ചിട്ടില്ലായെന്നും, ആയതിനാൽ തന്റെ ശാരീരിക വിഷമതകളും കുടുംബപശ്ചാത്തലവും പരിഗണിച്ച് അനുയോജ്യമായ സ്ഥലംമാറ്റം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 ലെ റിപ്പോർട്ട് പ്രകാരം ശ്രീ. അജിത്ത് ലാലിന് 05.10.2017 ലെ ഉത്തരവ് പ്രകാരമാണ് സീനിയർക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത് എന്നും ടിയാന് ഉദ്യോഗക്കയറ്റം ലഭിച്ച് ഒരു വർഷം പൂർത്തിയാകാത്തതിനാലാണ് ക്യൂലിസ്റ്റിൽ മുൻഗണന ലഭിക്കാതെ പോയതെന്നും സ്ഥലംമാറ്റം ആവശ്യപ്പെട്ട കൊല്ലം, ആറ്റിങ്ങൽ, കൊട്ടാരക്കര എന്നീ നഗരസഭകളിൽ ടിയാന്റെ സ്ഥാനം 50,15,8 എന്നിങ്ങനെയാണ് എന്നും ടി നഗരസഭകളിൽ ഒഴിവുണ്ടാകുന്ന അവസരത്തിൽ സ്ഥലംമാറ്റം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. ഇക്കാര്യം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ശ്രീ. അജിത്ത് ലാൽ വികലാംഗടേണിൽ പി.എസ്.സി നിയമന പ്രകാരം, 17.05.2013 ലെ ഉത്തരവിൽ ക്ലാർക്കായി മുനിസിപ്പൽ കോമൺസർവ്വീസിൽ ജോലിനേടിയതെന്ന് കാണുന്നു. കൂടാതെ ടിയാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുമാണ്. 10.03.1983 ലെ 130558/SD1/82/GAD നമ്പർ സർക്കുലർ, 09.12.2011 ലെ 16481/AR13(2)/11/P&ARD നമ്പർ സർക്കുലർ, 25.02.2017 ലെ സ.ഉ(പി)3/2017/ഉഭപവ-നമ്പർ ഉത്തരവ് എന്നിവ പ്രകാരം അംഗപരിമിതരായ ജീവനക്കാർക്കും പട്ടികജാതിക്കാരായ ജീവനക്കാർക്കും സ്ഥലംമാറ്റത്തിനും ഉദ്യോഗക്കയറ്റത്തിലും പ്രത്യേക പരിഗണന നൽകി ഉത്തരവായിട്ടുണ്ട്. ശ്രീ. അജിത്ത് ലാൽ സ്ഥലംമാറ്റത്തിനുള്ള മുൻഗണനാപട്ടികയിൽ രണ്ട് വിഭാഗത്തിൽ വരുന്നതിനാൽ മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം സ്വന്തം ജില്ലയിലോ സമീപജില്ലയിലോ നിയമനം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നു. ആയത് പ്രകാരം ശ്രീ. അജിത്ത് ലാലിന്റെ അപേക്ഷ പരിഗണിച്ച് ടിയാന് കൊല്ലം ജില്ലയിലോ സമീപജില്ലയിലോ അടുത്തുവരുന്ന ഒഴിവിൽ, മുൻഗണനാ പ്രകാരമുള്ള സ്ഥലംമാറ്റം, അതാതു കാറ്റഗറികളിലെ സ്ഥലം മാറ്റത്തിന്റെ 20% ത്തിൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ, സ്ഥലം മാറ്റം നൽകുന്നതിന് നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ. അജിത്ത് ലാൽ.എ സമർപ്പിച്ച അനക്ഷർ എ6 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**വി.എസ്.സന്തോഷ്**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.

ശ്രീ. അജിത്ത് ലാൽ.എ, സീനിയർ ക്ലർക്ക്, മൂവാറ്റുപുഴ നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ